മാർക്കറ്റ്			
67.27	↓ സെൻസെക്സ്	35808.95
21.65	↓ നിഫ്ടി	10724.40

സ്വർണം	
പവൻ (8ഗ്രാം)	24,800
ഒരു ഗ്രാം	3100

സാൻഡ്സ് ഇൻഫിനിറ്റ് ഐ.ടി മന്ദിരം സ്മാർട് സിറ്റിയിൽ

■ ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഐ.ടി മന്ദിരം

കൊച്ചി: കേരളത്തിലെ ഐ.ടി മേഖലയിലെ ഏറ്റവും വലിയ നിക്ഷേപകർ എന്ന പെരുമയുമായി ലുലു ഗ്രൂപ്പ് ഇന്റർനാഷണലിന്റെ സാൻഡ്സ് ഇൻഫിനിറ്റ് മന്ദിരം കൊച്ചി സ്മാർട് സിറ്റിയിൽ ഉയരുന്നു. ദക്ഷിണേന്ത്യയിലെ ഏറ്റവും ഉയരം കൂടിയ ഐ.ടി മന്ദിരമായിരിക്കും ഇത്. 152 മീറ്ററാണ് ഈ ഇരട്ട മന്ദിരങ്ങളുടെ ഉയരം. 2021ൽ പ്രവർത്തനം തുടങ്ങുന്ന മന്ദിരത്തിൽ 25,000 പേർക്ക് തൊഴിൽ ലഭിക്കും. 1,200 കോടി രൂപയുടെ നിക്ഷേപത്തോടെയാണ് മന്ദിരം ഉയരുന്നത്.

ഭൂമിക്കടിയിലെ മൂന്ന നിലയും ഗ്രൗണ്ട് ഫ്ലോറും കൂടാതെ 29 നിലകളുള്ള പദ്ധതിയാണിത്. പരിസ്ഥിതി സൗഹാർദ്ദമായി 2015 ലാണ് നിർമ്മാണം ആരംഭിച്ചത്. 29 നിലകളിലായി 36 ലക്ഷം ചതുരശ്ര അടി ഓഫീസ് സ്ഥലവും മൂന്ന് നിലകളിലായി 4,200 കാർ പാർക്കിംഗ് സൗകര്യവുമുണ്ടാകും. അതിവേഗ ലിഫ്റ്റുകളും എസ്കലേറ്ററുകളും പ്രത്യേകതയായിരിക്കും.

സ്മാർട്സിറ്റി കൊച്ചിയിൽ 12.74 ഏക്കറിലാണ് പദ്ധതി പൂർത്തിയാകുന്നത്. സാൻഡ്സ് ഇൻഫിനിറ്റ് യാഥാർത്ഥ്യമാകുമ്പോൾ സ്മാർട് സിറ്റിയിലേക്ക് കൂടുതൽ അന്താരാഷ്ട്ര കമ്പനികളെ ആകർഷിക്കാനാകുമെന്ന് സ്മാർട് സിറ്റി കൊച്ചി സി.ഇ.ഒ മനോജ് നായർ പറഞ്ഞു.

മുത്തൂറ്റ് ഫിനാൻസ് ₹750 കോടി സമാഹരിക്കും

കൊച്ചി: കടപ്പത്രങ്ങളിലൂടെ മുത്തൂറ്റ് ഫിനാൻസ് 750 കോടി രൂപ സമാഹരിക്കുന്നു. ഓഹരികളാക്കി മാറ്റാനാവാത്ത കടപ്പത്രങ്ങളാണ് പുറത്തിറക്കുക. 100 കോടി രൂപയാണ് അടിസ്ഥാനവില. ഓവർ സബ്സ്ക്രിപ്ഷനായി 650 കോടി രൂപവരെയുള്ള നിക്ഷേപം നിലനിറുത്താനുള്ള ഒപ്ഷനുമുണ്ടാകും. ഇഷ്യൂ മാർച്ച് 14ന് സമാപിക്കും.

പ്രതിമാസം അല്ലെങ്കിൽ വാർഷിക അടിസ്ഥാനത്തിൽ പലിശ ലഭിക്കുന്ന വിധമാണ് ഒമ്പത് നിക്ഷേപ മാർഗങ്ങൾ ഒരുക്കിയിരിക്കുന്നത്. കാലാവധി പൂർത്തിയാക്കുമ്പോൾ നേട്ടം ലഭിക്കുന്ന രീതിയിലും നിക്ഷേപിക്കാം. 9.25 ശതമാനം മുതൽ പത്തു ശതമാനം വരെയാണ് പലിശയെന്ന് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

എയർ കേരളയ്ക്കായി ശ്രമിക്കും: മുഖ്യമന്ത്രി

■ പ്രവാസികൾക്ക് ഡോളറിൽ നിക്ഷേപിക്കാൻ ബോണ്ട്

▸ എം.എച്ച്.വിഷ്ണു

ദുബായ്: കേരളത്തിന്റെ സ്വന്തം വിമാനക്കമ്പനി എയർ കേരളയുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ നിലപാട് മാറ്റുന്നു. നേരത്തേ വേണ്ടെന്ന വച്ചിരുന്ന പദ്ധതി വീണ്ടും സജീവമാവുകയാണ്. എയർകേരള ആലോചിക്കാവുന്ന തരത്തിലായിട്ടുണ്ടെന്നും പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പ്രാവർത്തികമാക്കാൻ ശ്രമിക്കുമെന്നും ലോക കേരളസഭയുടെ പ്രതിനിധി ചർച്ചയ്ക്കുള്ള മറുപടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രവാസികളുടെ ദീർഘകാലമായുള്ള ആവശ്യമാണ് എയർ കേരള.

ഗൾഫ് രാജ്യങ്ങളിലേക്കുള്ള സർവീസുകളിൽ സ്വകാര്യ വ്യോമയാന കമ്പനികൾ ഉയർന്ന ടിക്കറ്റ് നിരക്കുകൾ ഈടാക്കി യാത്രക്കാരെ പിഴിയുന്ന സാഹചര്യത്തിലാണ് വിദേശ മലയാളികളെ സഹായിക്കാൻ സംസ്ഥാനത്തിന് സ്വന്തമായി വിമാനക്കമ്പനി വേണമെന്ന ആവശ്യം ഉയർന്നത്. പൊതു മേഖലാ വിമാന കമ്പനിയായ എയർ ഇന്ത്യയുടെ കെടുകാര്യസ്ഥതയും സ്വന്തമായൊരു വിമാന സർവീസെന്ന ആവശ്യത്തിന് പ്രസക്തി വർദ്ധിപ്പിച്ചു.

കേരള ബാങ്ക് വലിയ ഷെഡ്യൂൾ ബാങ്കായി മാറുമ്പോൾ പ്രവാസികൾക്ക് മികച്ച സേവനം ലഭിക്കും. നാട്ടിലേക്ക് പണമയയ്ക്കാൻ വിദേശത്തു നിന്ന് പ്രത്യേക സൗകര്യമൊരുക്കും. ഇവിടെത്തെ ബാങ്കിലോ മറ്റോ പണം നിക്ഷേപിച്ചാൽ കേരള ബാങ്കിൽ പിറ്റേദിവസം എത്തും. പ്രവാസികൾക്ക് ഡോളറിൽ നിക്ഷേപിക്കാൻ ഡോളർ ബോണ്ട് ഇറക്കുന്നത് പരിഗണിക്കും. സാധാരണ രൂപയിലാണ് ബോണ്ട് ഇറക്കുക. കിഫ്ബിയുടെ രണ്ടാംഘട്ടത്തിൽ ഡോളർ നിക്ഷേപം വരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

എയിംസിനെക്കാൾ മികച്ച സ്ഥാപനം കൊണ്ടുവരും

- എയിംസ് വേണമെന്ന ദീർഘകാലമായുള്ള ആവശ്യം കേന്ദ്രസർക്കാർ നിരസിക്കുന്ന പശ്ചാത്തലത്തിൽ, പ്രവാസികളുടെ ശേഷി ഉപയോഗിച്ച് എയിംസിനേക്കാൾ മികച്ച സ്ഥാപനം കേരളത്തിൽ നിർമ്മിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു
- ₹5 ലക്ഷം നിക്ഷേപിക്കുന്ന പ്രവാസികൾക്കുള്ള ഡിവിഡന്റ് പെൻഷൻ പദ്ധതിയിൽ ചില സാങ്കേതിക പരിശോധനകൾ കൂടി മാത്രമേയുള്ളൂ. കാലതാമസമില്ലാതെ യാഥാർത്ഥ്യമാക്കും
- കേരളത്തിൽ എട്ടുത്തുപറയത്തക്ക മികവുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. ആ കുറവ് പരിഹരിക്കും. പ്രശസ്ത കലാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കും
- പൊലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഓൺലൈൻ വഴി യാക്കുന്നത് പരിഗണിക്കും
- പ്രവാസി സാംസ്കാരികോത്സവം പരിഗണനയിൽ. കുടുംബശ്രീ പോലെ വിവിധ രാജ്യങ്ങളിലെ സ്ത്രീകളുടെ കൂട്ടായ്മയുണ്ടാക്കും
- സൊസൈറ്റികളിൽ പ്രവാസികൾക്ക് നോമിനേഷൻ വരും. പ്രവാസി ഇൻഷ്വറൻസ് വിപുലീകരിക്കും
- എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി രൂപീകരിക്കും. പ്രവാസികൾ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കും
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ശക്തിപെടുത്തും. കോഴ്സ് കഴിയുന്നതോടെ ജോലിയിൽ പ്രവേശിക്കാൻ പ്രാപ്തരാക്കും

കെ.സി. ജോസഫ്, ടി.വി. ഇബ്രാഹിം, പി.കെ. ബഷീർ, എം.എ. യൂസഫലി, ഡോ. രവി പിള്ള, ഡോ. ആസാദ് മൂപ്പൻ, ആശാ ശരത് എന്നിവർ പങ്കെടുത്തു.

കോഴിക്കോട്ട് ലുലു മാൾ വരാത്തതിന് കാരണം ഇതാണ്...!

എം.എ. യൂസഫലി

ദുബായ്: കോഴിക്കോട് എന്താണ് ലുലുമാൾ വരാത്തത്...? കോഴിക്കോട്ടുകാരുടെ മാത്രമല്ല, മിക്ക മലയാളികളുടെയും ഏറെക്കാലമായുള്ള ചോദ്യമാണിത്. ലുലു ഗ്രൂപ്പിന്റെ സാരഥി എം.എ. യൂസഫലി ലോക കേരള സഭയിൽ അതിനുള്ള ഉത്തരം നൽകി.

കോഴിക്കോട്ട് മാൾ തുടങ്ങാൻ സംസ്ഥാന സർക്കാരിനോട് താത്പര്യമറിയിച്ചിരുന്നു. മൂന്നുമാസത്തിനകം സർക്കാരിന്റെ അനുമതികളെല്ലാം ലഭിച്ചു. പണി തുടങ്ങാനിരിക്കവേ, വേഗത്തിൽ മാളിന് അനുമതി നൽകിയത് ചോദ്യംചെയ്ത് ഒരു വ്യക്തി കേസു നൽകി. കേസായതിനാൽ പദ്ധതി നീണ്ടുപോവുകയാണ്. എന്നാൽ, ലക്നൗവിൽ മാൾ തുടങ്ങാൻ ഉത്തർപ്രദേശ് മുഖ്യമന്ത്രിയെ സമീപിച്ചു. ഒരു ഐ.എ.എസ് ഉദ്യോഗസ്ഥനെ സഹായത്തിനായി മുഖ്യമന്ത്രി നിയോഗിച്ചു. 5,000 പേർക്ക് തൊഴിൽ ലഭിക്കുന്ന സംരംഭത്തിന് അവർ മുന്തിയ പരിഗണനയാണ് നൽകിയത്.

"ഞങ്ങളുടെ ലെയ്സൺ ഓഫീസറായി ആ ഉദ്യോഗസ്ഥൻ മാറുകയായിരുന്നു. കേരളത്തിൽ നിക്ഷേപിക്കുന്നവർക്കും അതുപോലെ, എല്ലാ സൗകര്യവും ചെയ്യണം. പല ഉദ്യോഗസ്ഥരും പ്രായോഗികമായി ജോലി ചെയ്യില്ല. ബുക്കുനോക്കി ജോലി ചെയ്യുന്നവരാണ് അധികവും. നിക്ഷേപം സുഗമമാക്കാൻ നിയമങ്ങൾ മാറ്റണം. കൂടുതൽ നിക്ഷേപത്തിന് സാഹചര്യമൊരുക്കണം", മുഖ്യമന്ത്രി പിണറായി വിജയനെ വേദിയിലിരുത്തി യൂസഫലി പറഞ്ഞു.

ഇനി വരുന്നത് സ്മാർട് വ്യവസായങ്ങളാണ്. അടുത്തത് ഇ-യുഗമാണ്. ഏകജാലക സംവിധാനമൊരുക്കി, നിശ്ചിത സമയത്തിനകം എല്ലാ അനുമതികളും ലഭിച്ചാൽ കൂടുതൽ നിക്ഷേപകർ വരും. പ്രവാസ ജീവിതം അവസാനിപ്പിക്കുന്നവർക്ക് ലാഭകരമായ വ്യവസായം തുടങ്ങാനാവണം. ബോണ്ട് ഇറക്കിയാൽ സർക്കാരുകളും വിദേശ മലയാളികളും വാങ്ങും. പൊതു-സ്വകാര്യ പങ്കാളിത്തത്തിനാണ് ഇനി ഭാവി. 20 വർഷം മുൻപ് നമ്മൾ ചെയ്യേണ്ടതായിരുന്നു.

വരുന്നു, ടൈറ്റാനിയത്തിന്റെ ഇഷ്ടിക, ഇന്റർലോക് ടൈൽ

തിരുവനന്തപുരം: ഇഷ്ടികയും ഇന്റർലോക്ക് ടൈലും ഉൾപ്പെടെ അഞ്ച് പുതിയ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ടാവൻകൂർ ടൈറ്റാനിയം വിപണിയിലെത്തിക്കുന്നു. റോഡ് മാർക്കിംഗ് പെയിന്റ്, അയൺ ഓക്സൈഡ്, ജിപ്സം എന്നിവയാണ് കമ്പനി പുതുതായി വികസിപ്പിച്ച മറ്റ് ഉത്പന്നങ്ങൾ.

സർക്കാരിന്റെ വ്യവസായ വികസന പദ്ധതികളുടെ ഭാഗമായാണ് പുതിയ ഉത്പന്നങ്ങൾ നിർമ്മിച്ചതെന്ന് ടൈറ്റാനിയം ചെയർമാൻ എ.എ. റഷീദ്, മാനേജിംഗ് ഡയറക്ടർ ജോർജ് നൈനാൻ എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇതോടെ മൊത്തം എട്ട് ഉത്പന്നങ്ങളാകും ടൈറ്റാനിയത്തിന്റെ പേരിൽ വിപണിയിലെത്തുന്നത്.

റോഡ് സുരക്ഷയ്ക്കും ട്രാഫിക് നിയന്ത്രണത്തിനുമായി റോഡിൽ വരകളിടുന്നതിനുള്ളതാണ് റോഡ് മാർക്കിംഗ് പെയിന്റ്. പെട്ടന്ന് ഉണങ്ങും. ഇളകിപോകില്ല. അപകടരഹിതമായ രാത്രിയാത്ര ഉറപ്പാക്കുമെന്ന് കമ്പനി അവകാശപ്പെടുന്നു. തിരുവനന്തപുരം നഗരത്തിൽ പട്ടം ജംഗ്ഷൻ മുതൽ പ്ലാമൂട് വരെ പരീക്ഷിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയതാണ്. പെയിന്റ്, പ്ലാസ്റ്റിക്, പേപ്പർ, ടൈൽ, മഷി തുടങ്ങിയവയുടെ നിർമ്മാണത്തിന് നിറം നൽകാൻ ഉപയോഗിക്കുന്നതാണ് അയൺ ഓക്സൈഡ്.

സിമന്റ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ജിപ്സമാണ് അജന്റോക്സ് ജിപ്സം എന്ന പേരിൽ പുറത്തിറക്കുന്നത്. കെട്ടിടങ്ങളും പാതകളും നിർമ്മിക്കാനുള്ള ബ്രിക്, ഇന്റർലോക്ക് എന്നിവ അജന്റോക്സ് സിമന്റ് ബ്രിക്, അജന്റോക്സ് ഇന്റർലോക്ക് ടൈൽ എന്ന ബ്രാൻഡിലാണ് പുറത്തിറക്കുന്നത്. പരിസ്ഥിതി സൗഹൃദ പ്രക്രിയകളിലൂടെ വികസിപ്പിച്ചെടുത്തതാണ് എല്ലാ ഉത്പന്നങ്ങളും. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനം മന്ത്രിമാരായ ഇ.പി. ജയരാജൻ, ജി.സുധാകരൻ എന്നിവർ 19ന് രാവിലെ 10.30ന് കമ്പനി അങ്കണത്തിൽ നിർവഹിക്കും. വി.എസ്. ശിവകുമാർ എം.എൽ.എയും ഡോ. ശശി തരൂർ എം.പിയും പങ്കെടുക്കും.

SCRIP	BSE	NSE
ABB	1245.650	1246.900
ACC	1353.250	1352.450
Adani Power	39.400	39.350
AKSHOPTICAL	18.500	18.450
AMARAJA	739.550	740.450
ANDHARA BANK	23.200	23.200
APPOLOHOS	1140.650	1142.800
ARVINDMILL	77.750	77.650
ASHOKLEY	80.100	79.950
ASIANPNT	1395.250	1393.600
AVAYA GLOBAL	85.500	86.850
AXISBANK	686.550	686.600
BAJAJAUTO	2818.900	2825.950
BALAJITELE	80.900	81.250
BANKOFBARODA	101.000	100.850
BATAIND	1254.450	1254.750
BEML	771.100	770.100
BFLSOFT	1053.750	1053.750
BHARTI	304.350	304.600
BHEL	60.950	61.050
BIOCON	615.400	615.250
BOMBDYE	102.600	102.750
BPCL	327.150	327.850
BRITANNIA	2860.850	2858.350
BSES	114.900	114.950
CANARABANK	215.250	215.250
CEAT	1066.150	1066.850
CENTURY TEXT	712.750	713.450
CHENNAIPETRO	204.200	204.650
CIPLA	540.400	540.550
COLGATE	1233.350	1233.850
CORPBNK	24.350	24.450
D-LINK	78.950	78.300
DABUR	434.800	434.300
DIVIS LAB	1618.500	1621.350
DRREDDY	2556.900	2563.350
DWARKESH SUGAR	23.550	23.550
EIHOTEL	187.850	188.250
ENGGINDIA	108.550	108.600
ESCORTS	637.850	638.300
Euro Multivision Ltd	0.000	0.750
Excel Infoways Ltd	2.240	1.700
FINLXCABLE	378.650	379.550
GAIL	317.900	317.750
GARDEN SILK	15.900	15.800
GESHIPP	262.600	261.400
GLAXO	1372.300	1371.550
GLENMARK	569.650	569.350
GLOBALTELE	4.500	4.350
Globus Spirits Ltd	128.250	128.150
GNFC	250.500	250.100
GODREJIS	662.900	663.750
GRASIM	706.550	706.750
GUJAMBCEM	204.950	204.800
HDFC	1875.200	1874.900
HDFCBNK	2101.100	2100.650
HEROHONDA	2702.300	2696.450
HINDALCO	186.500	186.600
HINDLEVER	1773.050	1772.800
HINDUJAFUN	316.900	315.700
HMCHLFUT	21.500	21.550
HOTLLEELA	12.350	12.300
HPCL	216.800	216.350
I-FLEX	3628.150	3633.000
ICICIBANK	342.000	342.150
IDBI	44.850	44.950
INDHOTEL	136.400	136.650
INDIACEM	84.050	84.150
INFOSYS	741.750	741.950
INFOTECH ENT	597.700	604.200
IOB	12.120	12.200
IOC	125.500	125.450
ITC	279.600	280.100
Jindal Colex Ltd	3.890	4.000
KALECONSULT	926.500	929.100
KARUR VYSYA BANK	68.600	68.700
KOPRAN	36.850	36.900
KOTAKM	1283.750	1283.650
L&T	1243.250	1243.100
LICHSGFIN	440.450	439.350
LUPINCHEM	775.800	774.750
LYKALAB	22.250	22.000
M&M	627.800	627.550
MAHABANK	12.770	12.650
Mahindra Holidays	189.850	191.500
MARUTI	6925.300	6930.050
MAXIND	386.850	387.150
MCDOWEL	507.750	507.750
MELSTAR	0.000	0.950
MIDDAY	25.600	25.650
MRF	55190.250	55136.850
MROTECH	36.200	37.650
MTNL	11.930	11.950
MUKTAARTS	36.000	36.200
NAICHOLAS	2160.650	2161.750
NEYBELI	61.650	61.100
NHPC Ltd	23.800	23.800
NIIT	81.850	81.850
NTPC	136.200	136.250
OBC	80.600	80.650
Oil India Ltd (OIL)	172.100	172.100
ONGC	135.100	135.000
ONWARDTECI	61.350	59.650
ORCHIDCHEM	3.190	3.250
PANACEABIO	160.850	162.050
PENTSOFT	0.310	0.000
PETRONET	214.700	214.300
PFIZER	2906.400	2906.200
Pipavav Shipyard	8.550	8.550
PRYACEM	91.150	91.300
PTC	74.200	74.300
RAMCOSYS	219.850	221.100
RELCAP	148.550	148.550
RELIANCE	1243.500	1244.450
ROLTA	4.720	4.750
SAB	2.820	2.750
SAIL	44.850	44.900
SARIGAMA	530.200	533.200
SBI	262.950	262.950
SCI	35.100	34.950
SIEMENS	961.450	962.050
SKFBEAR	1950.500	1949.550
SMITHKLC	7428.150	7414.200
SSI	3.590	3.500
STROPTICAL	214.650	214.850
SUNPHARMA	423.300	422.900
SYNDIBANK	31.200	31.250
Tata Communications	496.200	496.350
TATACHEM	554.450	555.150
TATAELXSI	860.400	860.050
TATAPOWER	69.250	69.200
TATATEA	185.600	186.150
TCS	2030.900	2029.700
TELCO	161.100	161.650
THERMAX	998.700	996.850
THMCOOK	211.150	210.700
TIPSINDIA	59.100	61.250
TISCO	467.450	467.500
TITANIND	1039.350	1039.000
TRIGYNTECH	64.150	64.400
UCOBANK	17.200	17.150
UNICHEMLAB	192.250	191.200
VESUVIUS	1155.700	1145.350
VOLTAS	522.750	522.000
WIPRO	375.550	376.100
ZEETELE	429.850	431.350
KERALA BASED		
APOLLOTYRE	200.550	200.400
AVTNPL	21.800	22.050
Cochin minerals	203.600	0.000
COCHINSHIP	341.050	340.150
Dhan bank	14.850	15.000
Eastern Treads	41.700	0.000
Fact	32.400	32.400
FEDERALBNK	80.250	80.200
GEOJIT	34.550	34.350
Gtn textiles	8.000	8.550
HARMALA	65.400	65.850
INDITRADE	36.000	0.000
Kera ayu	59.600	0.000
Kitex	93.250	93.050
Kse ltd.	1521.450	0.000
Manapuram	103.800	103.950
Muthoot capital	776.550	781.150
Muthootfin	517.900	518.250
Nitta gelatin	121.050	0.000
Patspin india	11.980	10.400
RUBFILA INTL [BSE]	38.950	0.000
SIB	12.950	12.950
Sree sakthi paper	5.500	0.000
Vertex	1.750	0.000
Vguard	186.050	185.350
WONDERLA	271.500	273.650

വിനിമയനിരക്ക്

€ $ £ ¥

കറൻസി	സെൽ	ബയിംഗ്
ഡോളർ	71.28	71.19
യൂറോ	80.36	80.28
പൗണ്ട്	91.38	91.30
സ്വിസ്ഫ്രാങ്ക്	70.82	70.70
സിംഗപ്പൂർ ഡോളർ	52.50	52.42
ആസ്ട്രേലിയ ഡോളർ	50.67	50.62
കനേഡിയൻ	53.68	53.60
ബഹ്റിൻ ദിനാർ	188.93	
കുവൈറ്റ് ദിനാർ	234.25	
ഒമാനി റിയാൽ	185.00	
സൗദി റിയാൽ	18.99	
യു. എ. ഇ. ദിർഹം	19.39	
ഖത്തർ റിയാൽ	19.55	

കമ്പോളനിലവാരം

കൊച്ചി

വെളിച്ചെണ്ണ മില്ലിംഗ്	17,700
വെളിച്ചെണ്ണ	16,100
കൊപ്ര	10,760-11,600
പിണ്ണാക്ക് എക്സ്പെല്ലർ	2350
പിണ്ണാക്ക് റോട്ടറി	2900
കുരുമുളക്	
പോറുത്തത്	34,100
കുരുമുളക് പുതിയത്	32,700
കുരുമുളക് ചേറ്റിയത്	36,100
പുതിയ ചുക്ക്	28,000-31,000
ചുക്ക് മീഡിയം	25,000
ചുക്ക് ബെസ്റ്റ്	28,500
മഞ്ഞൾ	12,500
സേലം-ഈറോഡ്	8200-8500
കാഞ്ഞിരക്കുരു	1850
അടയ്ക്കാ	
പുതിയത്	20,000-21,000
അടയ്ക്കാ പഴയത്	22,000-23,000
പഞ്ചസാര	3560
വറുത്തമുളക്	10,500-13,500
ഉഴുന്ന്	6500-8000
ചെറുപയർ	6800-7400
കടല	5900-6600
മുതിര	4200
എള്ള്	9500-15000
മല്ലി	6800-10,200
ചമ്പാവ് നമ്പർ-2	2900
പുഴുക്കലരി (ജയ)	2800-2900
ഗ്രാമ്പൂ	725
പാം ഓയിൽ	6550

ജാതിക്ക

തൊണ്ടൻ	225-250
തൊണ്ടില്ലാത്തത്	440-460
ജാതിപത്രി ചുവപ്പ്	800-900

പൈനാപ്പിൾ

ചപ്പ	22.00
പഴം	22.00
സ്പെഷ്യൽ	24.00

റബർ

ആർഎസ്എസ്4	12,300
ആർഎസ്എസ്-5	11,100-11,600
ഒട്ടുപാൽ	8450
ലാറ്റക്സ്	8000

കോട്ടയം

ആർ.എസ്.എസ്4	119.50
ആർ.എസ്.എസ്5	113.50
തരംതിരിക്കാത്തത്	102.00
	102.50
ഒട്ടുപാൽ	78.50

റബർ ബോർഡ്

ആർ.എസ്.എസ്4	12350
ആർ.എസ്.എസ്5	11650
തരംതിരിക്കാത്തത്	11500
ഒട്ടുപാൽ	8560

ബാങ്കോക്ക്

ആർ.എസ്.എസ്1	11506
ആർ.എസ്.എസ്2	11370
ആർ.എസ്.എസ്3	11245
ആർ.എസ്.എസ്4	11171
ആർ.എസ്.എസ്5	11074

കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)

എസ്.എം.ആർ 20	—
60% ലാറ്റക്സ്	—
വെളിച്ചെണ്ണ	195.00
കൊപ്ര	138.00
ശർക്കര (മയൂര്)	70.00
ശർക്കര (പാണ്ടി)	52.00
കാപ്പി	118.00

കണ്ണൂർ

കൊപ്രക്വിന്റൽ	10500
വെളിച്ചെണ്ണ	
ടിൻ	2740
കിലോ	186
ലിറ്റർ	174
പിണ്ണാക്ക്ക്വിന്റൽ	3000
തേങ്ങക്വിന്റൽ	3400

ആലപ്പുഴ

വെളിച്ചെണ്ണ മില്ലിംഗ്	16,000
വെളിച്ചെണ്ണ	15,100
കൊപ്ര	10,100
,,	10,150
,,	10,200

തൃശ്ശൂർ

വെളിച്ചെണ്ണ (മില്ലിംഗ്)	17100
തയ്യാർ	16100
കൊപ്ര	11110
തേങ്ങപിണ്ണാക്ക്	2100
നല്ലെണ്ണ	3100
കടലെണ്ണ	2200
എള്ളിൻപിണ്ണാക്ക്	3500
സ്വർണ്ണം	3100
വെള്ളി	440

അടയ്ക്കാ കൊക്കാല

പഴയത്	4000-4700
പുതിയത്	3800-4500
രണ്ടാംതരം	1000-2600

അമല

പഴയത്	4400-4760
പുതിയത്	4100-4573
രണ്ടാംതരം	2500-3000

പഴഞ്ഞി

പഴയത്	4500-5000
പുതിയത്	4400-4500
രണ്ടാംതരം	3000-3500

നെടുമങ്ങാട്

റബർ	106
ഒട്ടുപാൽ	72
തേങ്ങ	40
കുരുമുളക്	300
കുരുമുളക് (പച്ച)	112
കൊട്ടപാക്ക്	180
വരവുമേനി	150
ജാതിക്ക	180
ജാതിപരിപ്പ്	380
ജാതിപത്രി	800
ഗ്രാമ്പ്	550
കാപ്പി	95
കൊക്കോ	12
കശു അണ്ടി	100

സ്വർണം

കൊച്ചി(8ഗ്രാം)	24,800
ഒരുഗ്രാം	3100

വെള്ളി

തിരുവനന്തപുരം	44,440
കൊച്ചി	44,440

ബി.എൻ.പി പാരിബ ഇക്വിറ്റി ഇഷ്യൂ 28ന് സമാപിക്കും

കൊച്ചി: ബി.എൻ.പി പാരിബ അസറ്റ് മാനേജ്മെന്റിന്റെ ന്യൂഫണ്ട് ഓഫറായ ഡെനാമിക് ഇക്വിറ്റി ഇഷ്യൂ ഈമാസം 28ന് സമാപിക്കും. ഇന്ത്യയിൽ കമ്പനി പുറത്തിറക്കുന്ന 16-ാമത്തെ ഫണ്ടാണിത്. ഓഹരി, ഓഹരി അധിഷ്ഠിത ഉപകരണങ്ങളിൽ നിക്ഷേപം നടത്തി മൂലധന വളർച്ച ലക്ഷ്യമിടുന്ന ഓപ്പൺ എൻഡഡ് ഡൈനാമിക് അസറ്റ് അലോക്കേഷൻ ഫണ്ടാണ് പുറത്തിറക്കിയത്.

നിഫ്റ്റിയിലെ പ്രതിമാസ മീഡിയൻ പി.ഇയുടെ താഴെ വരുന്ന ഓഹരികളാണ് നിക്ഷേപത്തിനായി തിരഞ്ഞെടുക്കുക. പി.ഇ താഴ്ന്ന നിൽക്കുമ്പോൾ ഓഹരികളിലെ നിക്ഷേപം ഉയർത്തുകയും മറിച്ചാവുമ്പോൾ കുറയ്ക്കുകയും ചെയ്യുന്ന നിക്ഷേപ തന്ത്രമാണ് ഈ ഫണ്ടിനുള്ളത്. ഓഹരി നിക്ഷേപം കുറയ്ക്കുമ്പോൾ ആസ്തി കാഷ് ഫ്ലൂച്ചർ, ഇക്വിറ്റി ഡെറിവേറ്റീവ്, ഡെറ്റ് ഉപകരണങ്ങൾ, മണി മാർക്കറ്റ് ഉപകരണങ്ങൾ എന്നിവയിലേക്ക് നിക്ഷേപം മാറ്റും.

അലോട്ട്മെന്റിന് ശേഷം അഞ്ച് ബിസിനസ് പ്രവൃത്തിദിനങ്ങൾ ഫണ്ട് നിക്ഷേപത്തിനായി തുറന്ന് നൽകും. വിപണിയുടെ മാറുന്ന സാഹചര്യത്തിന് അനുസരി